## താമരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി & നോഡൽ ഓഫീസറുടെ (കോവിഡ് –19 –പ്രതിരോധനടപടികൾ) നടപടിക്രമം

(ഹാജർ: ജയ്സെൻ എൻ ഡി)

വിഷയം :– താമരശ്ശേരി ഗ്രാമപഞ്ചായത്ത് – കൊറോണ കെയർ സെന്ററിന്റെ ഭരണപരമായ ചുമതല – ഉദ്യോഗസ്ഥർക്ക് നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്

പരാമർശം :– 1) ബഹു. കോഴിക്കോട്ട് ജില്ലാ കളക്ടറുടെ 06–05–2020 തീയ്യതിയിലെ DCKKD–2803/2020/F3 നമ്പർ ഉത്തരവ്.
2) ബഹു. കോഴിക്കോട്ട് ജില്ലാ കളക്ടറുടെ 14–05–2020 തീയ്യതിയിലെ DCKKD–2803/2020.F3. നമ്പർ ഉത്തരവ്.

---

നമ്പർ : ബി$_3$.2913(9)/2020 തിയ്യതി 18.05.2020

---

കേരളത്തിൽ കോവിഡ്–19 വ്യാപനം റിപ്പോർട്ട് ചെയ്യതിനെത്തുടർന്ന് രാജ്യത്തിന് പുറത്തും വിവിധ സംസ്ഥാനങ്ങളിലുമായി അകപ്പെട്ട പ്രവാസികളെ തിരിച്ച് കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി പ്രവാസികൾ വിമാന മാർഗ്ഗവും കപ്പൽ മാർഗ്ഗവുമായി ജില്ലയിൽ എത്തിച്ചേർന്നു കൊണ്ടിരിക്കുകയാണ്. തുടർന്നുള്ള ദിവസങ്ങളിൽ ഇത്തരത്തിൽ എത്തിച്ചേരുന്ന പ്രവാസികളെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിന് ജില്ലയിൽ കൂടുതൽ കേന്ദ്രങ്ങൾ ആവശ്യമായ സാഹചര്യത്തിൽ 2005 ലെ ദുരന്തനിവാരണ നിയമം 34, 35 വകുപ്പുകൾ പ്രകാരം താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ താഴെക്കാണിച്ച പ്രകാരം സ്ഥാപനങ്ങൾ ബഹു. ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം കൊറോണ കെയർ സെന്ററുകളായി ഏറ്റെടുത്തു കൊണ്ട് ഉത്തരവായിട്ടുണ്ട്:–

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഏറ്റെടുക്കുന്ന റൂമുകളുടെ എണ്ണം |
|---|---|---|
| 1 | വയനാട്ട് റീജൻസി | 15 |
| 2 | ഹോട്ടൽ ഹസ്തിനപുരി | 10 |

ആയതിനാൽ മേൽപ്പറഞ്ഞ 2 കേന്ദ്രങ്ങളിലേക്കും ബഹു. ജില്ലാ കളക്ടറുടെ പരാമർശം (1) ഉത്തരവു പ്രകാരമുള്ള കൊറോണ കെയർ സെന്റർ മാനേജ്മെന്റ് കമ്മറ്റികൾ രൂപീകരിച്ചും, ടി. സെന്ററുകളുടെ ദൈനംദിന നടത്തിപ്പിനും ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി 24 മണിക്കൂർ പ്രവർത്തിക്കുന്നതിന് ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ താഴെപ്പറയും പ്രകാരം നിയോഗിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | നിലവിലെ ഓഫീസ് | ചുമതല നൽകപ്പെട്ട കോവിഡ് കെയർ സെന്റർ | ഫോൺ നമ്പർ |
|---|---|---|---|---|---|
| 1 | വേണുഗോപാലൻ കെ | ക്ലാർക്ക് | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | വയനാട്ട് റീജൻസി | 9496439319 |
| 2 | ഫത്വിൻ മുഹമ്മദ് | അക്രഡിറ്റഡ് എഞ്ചിനീയർ (എൻആർ ഇജിഎ) | | | 9633147502 |

| | | | | | |
|---|---|---|---|---|---|
| 3 | ഫിറോസ് ബാബു ടി കെ | ക്ലാർക്ക് | താമരശ്ശേരി ഗ്രാമപഞ്ചായത്ത് | ഹോട്ടൽ ഹസ്തിനപുരി | 8921119572 |
| 4 | കമറുദ്ദീൻ കെ കെ | ഓഫീസ് അറ്റൻഡന്റ് | | | 9947476858 |

മേൽപ്പറഞ്ഞ കൊറോണ കെയർ സെന്ററുകളിൽ 24 മണിക്കൂറും സേവനം അനുഷ്ഠിക്കുന്നതിനായി താഴെപ്പറയും പ്രകാരം രണ്ട് ഹെൽത്ത് കെയർ വളണ്ടിയർമാരെ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം | ഹെൽത്ത് കെയർ വളണ്ടിയറുടെ പേര് | ചുമതല നൽകപ്പെട്ട കോവിഡ് കെയർ സെന്റർ | ഫോൺ നമ്പർ |
|---|---|---|---|
| 1 | റാഷിദ് | വയനാട്ട് റീജൻസി | 7592880469 |
| 2 | മുഹമ്മദ് അൻഷാദ് | | 9995959252 |
| 3 | മുഹമ്മദ് റിയാസ് | ഹോട്ടൽ ഹസ്തിനപുരി | 9645835727 |
| 4 | മുഹമ്മദ് ഷഫിൽ | | 9947646622 |

പ്രസ്തുത ഉദ്യോഗസ്ഥരും ഹെൽത്ത് കെയർ വളണ്ടിയർമാരും തങ്ങൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഉടൻ കൃത്യമായി ഏറ്റെടുക്കേണ്ടതും വീഴ്ച വരാതെ നിർവ്വഹിക്കേണ്ടതുമാണ്.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
താമരശ്ശേരി ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ,
2. ഹെൽത്ത് കെയർ വളണ്ടിയർമാർ.
3. കരുതൽ ഫയൽ.